പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3111** **13.07.2015-ൽ മറുപടിയ്ക്ക്**

## മതിലകം ബ്ലോക്ക് പഞ്ചായത്ത് സ്ഥലത്ത് നീന്തൽകുളം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.എസ്.സുനിൽകുമാർ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നീന്തൽക്കുളം നിർമ്മിക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ), (ബി) & (സി) | കയ്പമംഗലം നിയോജകമണ്ഡലത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എം എൽ എ-യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടുപയോഗിച്ച് ആധുനിക സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം 2012-ൽ കായികവകുപ്പു ഡയറക്ടർ പരിഗണിച്ചുവെങ്കിലും കായികവകുപ്പിനു കീഴിൽ ഒരു ടെക്നിക്കൽ വിഭാഗം ഇല്ലാത്തതിനാൽ പദ്ധതി നിർവ്വഹണം നടത്താൻ സാധിച്ചിട്ടില്ല. |
| (ബി) കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ; | | പദ്ധതി നടപ്പു വർഷത്തെ LAC-ADF-ൽ ഉൾപ്പെടുത്തുന്നതിനുള്ള എം.എൽ.എ-യുടെ സമ്മതപത്രം ലഭിക്കുകയാണെങ്കിൽ ഇപ്പോൾ നിലനിൽക്കുന്ന സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) നീന്തൽക്കുളം നിർമ്മിക്കുന്നതിനായുള്ള സർക്കാർ ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**